## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3551 | 22.08.2017 ൽ മറുപടിയ്ക്ക് |
|---|---|
| **സ്ത്രീകൾക്കെതിരേ നടക്കുന്ന ലൈംഗിക ചൂഷണങ്ങൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.ഇ.പി.ജയരാജൻ**<br>**, എസ്.ശർമ്മ**<br>**, റ്റി.വി.രാജേഷ്**<br>**ശ്രീമതി.പി. അയിഷാ പോറ്റി** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) ദേശീയ വനിതാ കമ്മീഷൻ നടത്തിയ പഠനത്തിൽ, എഴുപത് ശതമാനം സ്ത്രീകളും തൊഴിലിടങ്ങളിൽ തങ്ങൾക്കെതിരെ നടക്കുന്ന ലൈംഗികചൂഷണങ്ങളെപ്പറ്റി പരാതിപ്പെടുന്നില്ലെന്ന കണ്ടെത്തൽ സംബന്ധിച്ച് കമ്മീഷൻ അദ്ധ്യക്ഷൻ നടത്തിയിട്ടുള്ള വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല |
| (ബി) സ്ത്രീകൾക്കെതിരെ നടക്കുന്ന വിവിധതരത്തിലുള്ള പീഡനങ്ങൾക്കെതിരെ നിരവധി നിയമങ്ങൾ നിലവിലുണ്ടെങ്കിലും ഭൂരിപക്ഷം ഇരകളും പരാതിപ്പെടാൻ തയ്യാറാകാത്തതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; | (ബി) വിലയിരുത്തിയിട്ടുണ്ട്. ആയത് പ്രകാരം ചുവടെ ചേർക്കുന്ന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br>സമൂഹത്തിലെ താഴേക്കിടയിലുള്ള സ്ത്രീകളെയും പെൺകുട്ടികളെയും നിയമാവബോധത്തിലൂടെ ശാക്തീകരിക്കുന്നതിനും തങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങളെക്കുറിച്ചും നിയമാവകാശങ്ങളെക്കുറിച്ചും മറ്റു നിയമങ്ങളെക്കുറിച്ചും അവയുടെ പരിഹാരങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കുക, തങ്ങൾ അഭിമുഖീകരിയ്ക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിയ്ക്കുന്ന സ്ഥാപനങ്ങളെക്കുറിച്ചും അവയുടെ പ്രവർത്തനങ്ങളെക്കുറിച്ചും അവബോധം നൽകുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ 14 ജില്ലകളിലായി നടപ്പാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിയിൽ 7500 പേർക്ക് 100 നിയമബോധന പരിപാടികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (സി) ചൂഷണത്തിനെതിരെ പ്രതികരിക്കേണ്ടതിനായി സ്ത്രീകളെ ബോധവൽക്കരിക്കുന്നതിന് സംസ്ഥാന വനിതാ കമ്മീഷനും മറ്റ് ഏജൻസികളും നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (സി) സ്ത്രീകളുടെ സുരക്ഷയ്ക്കും ശാക്തീകരണത്തിനുമായി വിവിധ പദ്ധതികൾ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ച് വരുന്നു. ആയവ ചുവടെ ചേർക്കുന്നു.<br>**1.കൈത്താങ്ങ് പദ്ധതി**<br>സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അതിക്രമങ്ങൾ ഉണ്ടാകാതിരിക്കാനുള്ള പ്രതിരോധ നടപടികൾക്കാണ് പ്രാധാന്യം നൽകേണ്ടത്. ഈ അതിക്രമങ്ങൾ ചെറുക്കുന്നതിനായി വിവിധ വകുപ്പുകൾ പല മേഖലകളിലായി പ്രവർത്തിച്ചു വരുന്നു. ഈ വകുപ്പുകളുടെ എല്ലാ പ്രവർത്തനങ്ങളും താഴേത്തട്ട് മുതൽ ഏകോപിപ്പിച്ച് കൊണ്ട് കുടുംബശ്രീ, ആശാവർക്കേഴ്സ്, പ്രേരക്മാർ, മഹിളാപ്രധാൻ ഏജന്റ്, ജനമൈത്രി പോലീസ്,യുവജന ക്ലബുകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവരെ ഉൾപ്പെടുത്തി കൈത്താങ്ങ് എന്നൊരു കർമ്മസേന |

| | |
|---|---|
| | രൂപീകരിച്ച് പൈലറ്റടിസ്ഥാനത്തിൽ 70 പഞ്ചായത്തുകളിലായി 350 വാർഡുകളിൽ നടപ്പിലാക്കുന്നതിനുള്ള പദ്ധതി സാമൂഹ്യനീതി വകുപ്പ് മുഖേന ആവിഷ്കരിച്ചിരിക്കുന്നു.<br><br>**2 സ്ത്രീകൾക്കും പെൺകുട്ടികൾക്കുമുള്ള നിയമാവബോധ പരിപാടി**<br>സമൂഹത്തിലെ താഴേക്കിടയിലുള്ള സ്ത്രീകളെയും പെൺകുട്ടികളെയും നിയമാവബോധത്തിലൂടെ ശാക്തീകരിക്കുന്നതിനും തങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങളെക്കുറിച്ചും നിയമാവകാശങ്ങളെ ക്കുറിച്ചും മറ്റു നിയമങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കുക, തങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്ന സ്ഥാപനങ്ങളെക്കുറിച്ചുംഅവയുടെ പ്രവർത്തനങ്ങളെക്കുറിച്ചും അവബോധം നൽകുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിയിൽ 100 നിയമാവബോധ പരിപാടികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>**3.ശ്രദ്ധ**<br>സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളെ ചെറുക്കുന്നതിന് ഉദ്യോഗസ്ഥർക്കും സേവനദാതാക്കൾക്കും നിയമ ബോധവത്ക്കരണം നൽകി കാര്യക്ഷമത വർദ്ധിപ്പിക്കുന്ന ശ്രദ്ധ എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>**4. ഏകദിന വസതി പദ്ധതി**<br>സംസ്ഥാന തലസ്ഥാന നഗരിയിൽ അടിയന്തിര ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന സ്ത്രീകൾക്ക് സുരക്ഷിതമായ താമസസ്ഥലം കണ്ടെത്തുവാൻ പലപ്പോഴും പ്രയോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഇത് ഒഴിവാക്കുന്നതിനായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് തനിച്ച് തിരുവനന്തപുരത്ത് ഇന്റർവ്യൂ, വിവിധതരം മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിന് വരുന്ന വനിതാ ഉദ്യോഗാർത്ഥികൾ, സെക്രട്ടറിയേറ്റ്/മറ്റുവകുപ്പ് ഡയറക്ടറേറ്റുകൾ എന്നിവിടങ്ങളിൽ വ്യക്തിഗത ആവശ്യങ്ങൾക്കും മറ്റ് അടിയന്തിര ആവശ്യങ്ങൾക്കുമായി രാത്രിയോ, വൈകുന്നേരങ്ങളിലോ ഒറ്റയ്ക്ക് എത്തുന്ന സ്ത്രീകൾ/പെൺകുട്ടികൾ എന്നിവർക്ക് സുരക്ഷിതമായ താമസസൗകര്യം, ഭക്ഷണം എന്നിവ തുച്ഛമായ നിരക്കിൽ നൽകുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിരിക്കുന്നതും, തിരുവനന്തപുരം നഗരസഭയുടെ സംയുക്ത പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതുമായ പദ്ധതിയാണിത്. തിരുവനന്തപുരം കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കെട്ടിട സമുച്ചയത്തിലെ 8-ാം നിലയിലാണ് ഇതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുള്ളത്.<br><br>**5.സ്ത്രീധനം, ഗാർഹിക പീഡനം, ലൈംഗികാതിക്രമങ്ങൾ തുടങ്ങിയവയ്ക്കെതിരെ 'സധൈര്യം മുന്നോട്ട്' എന്നപേരിൽ ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.** |

സാമ്പത്തിക ശാക്തീകരണത്തിലൂടെയും, നിയമ സംവിധാനങ്ങളിലൂടെയും ലിംഗാവബോധത്തിലൂടെയും സ്ത്രീകൾക്ക് അവസരങ്ങൾ നൽകുന്നതിനും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകളുടെ കുടുംബത്തിന് സാങ്കേതിക സഹായങ്ങൾ നൽകുന്നതിനും, വ്യാവസായിക സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള വ്യാവസായിക പരിശീലനം നൽകുന്നതിനും ലിംഗസമത്വം സംബന്ധിച്ച് സാംസ്കാരികവും സാമൂഹികവുമായ അറിവും വിജ്ഞാനവും നൽകുന്നതിന് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും കുറ്റക്കാരെ അതിവേഗം ശിക്ഷിക്കുന്നതിനും, നിയമങ്ങളെ ചൂഷണം ചെയ്യുന്നത് തടയുന്നതിനും, ദാരിദ്ര്യം, ചൂഷണം, അതിക്രമങ്ങൾക്ക് ഇരയായ സ്ത്രീകൾ, പ്രകൃതി ദുരന്തങ്ങൾ ബാധിച്ച സ്ത്രീകൾ, വയോധികരായ സ്ത്രീകൾ, അവിവാഹിതരായ സ്ത്രീകൾ, വനിതാ ഗൃഹനാഥരായ കുടുംബങ്ങളിലെ സ്ത്രീകൾ, ആദിവാസി സ്ത്രീകൾ എന്നിവരെ സാമൂഹികമായി സംരക്ഷിക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും സാമൂഹ്യനീതി വകുപ്പ് മുഖേന വിവിധ പദ്ധതികൾ സ്ത്രീശാക്തീകരണ പദ്ധതികളിലൂടെ ആവിഷ്കരിച്ച് വരുന്നു. ഈ പദ്ധതികൾ സമയബന്ധിതക്രമത്തിൽ പൂർത്തീകരിക്കുന്നതിനുള്ള ഒരു പദ്ധതി '**സധൈര്യം മുന്നോട്ട്**' എന്നപേരിൽ ആവിഷ്കരിക്കുകയും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഗാർഹിക പീഡനത്തിന് ഇരയായവർ, വിധവകൾ, വിവാഹമോചിതർ എന്നിവർക്ക് സ്വയംതൊഴിൽ ചെയ്യുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കോഴിക്കോട് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കാൻ ഫണ്ട് നൽകിയിട്ടുണ്ട്. സ്ത്രീകളുമായി ബന്ധപ്പെട്ട എല്ലാ നിയമങ്ങളുടെയും ശരിയായ നിർവ്വഹണവും ഇതിലൂടെ ലക്ഷ്യമിടുന്നു.

വിവിധ സ്ത്രീസംരക്ഷണ നിയമങ്ങളെക്കുറിച്ച് സ്ത്രീകൾക്ക് അവബോധം നൽകുന്നതിനായി സെമിനാറുകൾ ഉൾപ്പെടെ വിവിധ പ്രചാരണ പരിപാടികൾ നടത്തുന്നുണ്ട്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി ജാഗ്രതാസമിതി രൂപീകരിക്കുകയും സമിതിയിലെ അംഗങ്ങൾക്ക് വനിതാ കമ്മീഷൻ നിരന്തരം പരിശീലനം നൽകുകയും ചെയ്യുന്നു. വനിതാ കമ്മീഷന്റെ ഗവേഷണപഠനങ്ങളിൽ 'Internal Complaint Committee' യുടെ പ്രവർത്തനം എന്ന വിഷയം ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ട്.

സെക്ഷൻ ഓഫീസർ